# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3070 21/6/2013 ൽ മറുപടിയ്ക്ക്

## കേടായ തെങ്ങുകൾ വെട്ടിമാറ്റുന്ന പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. വി. എസ്. സുനിൽ കുമാർ** | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | കേടായ തെങ്ങുകൾ വെട്ടിമാറ്റി ഉല്പാദന ശേഷിയുള്ളതും ഉയരം കുറഞ്ഞതുമായ തെങ്ങുകൾ വെച്ചുപിടിപ്പിക്കാൻ എത്ര കോടി രൂപയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത് ; | (എ) | കേടായ തെങ്ങുകൾ വെട്ടിമാറ്റി ഉല്പാദന ശേഷിയുള്ളതും ഉയരം കുറഞ്ഞതുമായ തെങ്ങുകൾ വെച്ചു പിടിപ്പിക്കുന്നതിനുമുള്ള പദ്ധതിക്കായി 2260.863 കോടി രൂപയാണ് കേന്ദ്രസർക്കാർ വകയിരുത്തിയിട്ടുള്ളത്. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര തെങ്ങുകൾ വെട്ടി മാറ്റി; | (ബി) | 16.53 ലക്ഷം തെങ്ങുകൾ ഈ പദ്ധതി പ്രകാരം വെട്ടിമാറ്റിയിട്ടുണ്ട്. |
| (സി) | പകരം എത്ര തൈകൾവച്ചു പിടിപ്പിച്ചു; | (സി) | 5.05 ലക്ഷം തെങ്ങിൻ തൈകൾ ഈ പദ്ധതി പ്രകാരം വച്ചു പിടിപ്പിക്കാൻ നൽകിയിട്ടുണ്ട്. |
| (ഡി) | ഇവയിൽ എത്ര വളർന്നു എന്ന് പരിശോധിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; | (ഡി) | നാളീകേര വികസന ബോർഡ് നടപ്പിലാക്കുന്ന പദ്ധതിയുടെ നടത്തിപ്പ്, തുടർനടപടികൾ എന്നിവ വിലയിരുത്തുന്നതിന് നാളീകേര വികസന ബോർഡിന് സംവിധാനം നിലവിൽ ഉണ്ട്. |
| (ഇ) | വെട്ടിമാറ്റുന്ന തെങ്ങിന് നൽകേണ്ട സബ്സിഡിയും വളവും കർഷകർക്ക് പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ; | (ഇ) & (എഫ്) | 31/3/2013 വരെ വെട്ടിമാറ്റിയ തെങ്ങിന് നൽകേണ്ട സബ്സിഡിയും വളവും കർഷകർക്ക് പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. |
| (എഫ്) | ഇല്ലെങ്കിൽ പൂർണമായി വിതരണം ചെയ്യാതിരുന്നതിന് കാരണം വ്യക്തമാക്കാമോ ; | | |

| | | | |
|---|---|---|---|
| (ജി) | വളം വിതരണം ചെയ്തതിലും മറ്റും വൻ അഴിമതി നടന്നുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) & (എച്ച്) | വൻ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എച്ച്) | ഇത് സംബന്ധിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ